"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-2023-ലെ പൊതുസ്ഥലം മാറ്റത്തിലെ അപാകത പരിഹരിക്കണമെന്ന ആവശ്യം സംബന്ധിച്ച് കോഴിക്കോട് നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് -I ശ്രീ ജയചന്ദ്രൻ T K ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA(EKM)1884/2023 - ൻമേലുള്ള 28-11-2023 തീയതിയിലെ ഉത്തരവ്-നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.783/2024/LSGD തീയതി,തിരുവനന്തപുരം, 29-04-2024

---

പരാമർശം:-

1. ശ്രീ ജയചന്ദ്രൻ T K ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA(EKM)1884/2023ൻമേലുള്ള 28-11-2023 തീയതിയിലെ ഉത്തരവ്
2. ശ്രീ ജയചന്ദ്രൻ T K സമർപ്പിച്ച 18-12-2023 തീയതിയിലെ അപേക്ഷ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 22-3-2024ലെ LSGD/PD/54355/2023-DEF3 നമ്പർ ഉത്തരവ്.

**ഉത്തരവ്**

2023-ലെ പൊതുസ്ഥലം മാറ്റത്തിലെ അപാകത പരിഹരിക്കണമെന്ന ആവശ്യം സംബന്ധിച്ച് കോഴിക്കോട് നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് -I ശ്രീ ജയചന്ദ്രൻ T K ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA(EKM)1884/2023 നമ്പർ കേസിൻമേലുള്ള പരാമർശം(1 ) ഉത്തരവ് പ്രകാരം, അനക്ഷർ A15 ഗൈഡ് ലൈനിലുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നില്ല എന്നതടക്കമുള്ള അപേക്ഷകന്റെ പരാതിയിലെ വിഷയങ്ങൾ ഉൾപ്പെടുത്തി അപേക്ഷകൻ സർക്കാരിൽ ഒരു നിവേദനം സമർപ്പിക്കണമെന്നും പ്രസ്തുത നിവേദനത്തിൻമേൽ ,അപേക്ഷകന് ഹിയറിംഗ് നടത്തി 2 മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

2.തുടർന്ന് അപേക്ഷകന് 16.02.2024- ൽ ഹിയറിങ് നടത്തുന്നതിന് അറിയിപ്പ് നൽകിയിരുന്നതും ടിയാൾ അസൗകര്യം അറിയിച്ചിരുന്നതിനാൽ 15.03.2024-ലെയ്ക്ക് ഹിയറിങ് മാറ്റിയിരുന്നു. അതനുസരിച്ച തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ് അണ്ടർസെക്രട്ടറി 15.03.2024-ൽ അപേക്ഷകനെ നേരിൽ കേട്ടു .ഈ കേസിലെ മറ്റു affected പാർട്ടികൾ ആയ ശ്രീ രജിൽ സി,ശ്രീ മനോഹരൻ രയരോത്ത് എന്നിവർ ഹിയറിങ്ങിൽ നേരിട്ട് ഹാജരാകാതെ നിവേദനങ്ങൾ സമർപ്പിച്ചിരുന്നു.

3. ശ്രീ ജയചന്ദ്രൻ T K പരാമർശം(2) അപേക്ഷയിൽ സൂചിപ്പിച്ചിരുന്ന വസ്തുതകൾ

തന്നെയാണ് ഹിയറിങ് സമയത്തും ബോധിപ്പിച്ചത്. 11.03.2023-ലെ ഉത്തരവ് പ്രകാരം കോഴിക്കോട് മുനിസിപ്പൽ ഓഫീസിലേയ്ക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരനാണ് താനെന്നും സർക്കാർ ജീവനക്കാരുടെ അംഗീകൃത സംഘടനയുടെ ഭാരവാഹി എന്ന പരിഗണനയിൽ മുൻഗണന അനുകമ്പ ക്രമങ്ങൾ പാലിച്ച റൊട്ടേഷൻ ചാർട്ടിന്റെയും സ്റ്റേഷൻ സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ യാത്രാസൗകര്യം പരിഗണിച്ചാണ് താൻ പന്തലായനി, മേലടി ബ്ലോക്ക് പഞ്ചായത്തുകൾ സ്റ്റേഷനായി സ്ഥലംമാറ്റത്തിന് ഓപ്ഷനായി സ്വീകരിച്ച ഓൺലൈൻ അപേക്ഷ സമർപ്പിച്ചത് എന്നും എന്നാൽ സ്ഥലംമാറ്റത്തിന്റെ കരട് പട്ടികയിൽ താൻ ഓപ്ഷൻ നൽകാത്ത ,താമസസ്ഥലത്തിൽനിന്നും നൂറിലേറെ കിലോമീറ്റർ അകലെയുള്ള കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ ആണ് സ്ഥലംമാറ്റത്തിന് പരിഗണിച്ചതെന്നും ആരോപിച്ചിരുന്നു. ഇത് സംബന്ധിച്ച് പരാതി നൽകിയിരുന്നെങ്കിലും അന്തിമ പട്ടിക വന്നപ്പോൾ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ ആണ് നിയമനം നൽകിയത് എന്നും ഇതിനെതിരെ അപ്പീൽ കമ്മിറ്റിയ്ക്ക് അപേക്ഷ നൽകിയിരുന്നെങ്കിലും ആയതു നിരസിച്ചിരുന്നുവെന്നും അറിയിച്ചിരുന്നു. ടിയാൾ അപ്പീൽ കമ്മിറ്റി മുൻപാകെ സമർപ്പിച്ച അപേക്ഷ നിരസിച്ചിട്ടുള്ളതിനാൽ അത് വീണ്ടും പരിശോധിക്കണമെന്നാണ് പരാമർശം(2) പ്രകാരം ആവശ്യപ്പെട്ടിരുന്നത്.

4.ടി സ്ഥലമാറ്റത്തിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ രജിൽ സി യുടെ അപേക്ഷയിലെ വസ്തുതകളനുസരിച്ച ടിയാൻ സ്ഥലംമാറ്റത്തിന് ഫസ്റ്റ് ഓപ്ഷൻ ആയി കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്താണ് തിരഞ്ഞെടുത്തിരുന്നതെന്നും അവിടേക്കുതന്നെ നിയമനത്തിന് ഉത്തരവായിരുന്നതായും എന്നാൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ ജയചന്ദ്രൻ T K സമർപ്പിച്ച ഹർജിയിൻമേലുള്ള ബഹു കോടതി ഉത്തരവ് പ്രകാരം തന്നെ നിലവിലുള്ള ഓഫീസിൽ നിന്നും വിടുതൽ ചെയ്യുന്നതിന് വിലക്കിയിരിക്കുന്നതായും ആയതിനാൽ ടിയാന് തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലമാറ്റം അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു. ശ്രീ മനോഹരൻ രയരോത്ത് കോഴിക്കോട് ജില്ലയിലെ വേലം ഗ്രാമപഞ്ചായത്തിൽ ജോലിനോക്കി വരവേ സ്ഥലംമാറ്റത്തിനു സെക്കന്റ് ഓപ്ഷൻ ആയി തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് അപേക്ഷിച്ചിരുന്നതായും എന്നാൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ ജയചന്ദ്രൻ T K സമർപ്പിച്ച ഹർജിയിലെ ബഹു കോടതി ഉത്തരവ് പ്രകാരം തന്നെ നിലവിലുള്ള ഓഫീസിൽ നിന്നും വിടുതൽ ചെയ്യുന്നതിന് വിലക്കിയിരിക്കുന്നതായും അതിനാൽ സെക്കൻഡ് ഓപ്ഷൻ ആയ കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലമാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

5.ഈ വിഷയത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം( 3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങളും മാർഗ്ഗനിർദേശങ്ങളും അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത് പ്രകാരം ഓൺലൈൻ പൊതുസ്ഥലം മാറ്റത്തിനുള്ള അനുകമ്പാർഹം/പ്രത്യേക മുൻഗണനകൾക്കുള്ള മാനദണ്ഡങ്ങളും മുൻഗണനാക്രമവും നിശ്ചയിച്ചും പൊതുസ്ഥലം മാറ്റത്തിനുള്ള റൊട്ടേഷൻ നിശ്ചയിച്ചും ഉത്തരവായിരുന്നുവെന്നും തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ജയചന്ദ്രൻ.ടി.കെ എന്നവർ 2023 -ലെ പൊതുസ്ഥലം മാറ്റത്തിനുള്ള

ഓൺലൈൻ സോഫ്റ്റ് വെയർ വഴി സ്ഥലം മാറ്റത്തിനായി രണ്ട് സ്റ്റേഷനുകളാണ് ഓപ്റ്റ് ചെയ്തിരുന്നത് എന്നും ആദ്യ ഓപ്ഷനായി പന്തലായനി ബ്ലോക്ക് പഞ്ചായത്തും, രണ്ടാമത്തെ ഓപ്ഷനായി മേലടി ബ്ലോക്ക് പഞ്ചായത്തുമാണ് തെരെഞ്ഞെടുത്തിരുന്നത് എന്നും റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ.ജയചന്ദ്രൻ.ടി.കെ യ്ക്ക് തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 6- വർഷവും 13 -ദിവസവും സ്റ്റേഷൻ സീനിയോരിറ്റി ഉണ്ട്. ടിയാളിന് അംഗീകൃത സർവ്വീസ് സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയ്ക്ക് അർഹതയുള്ള മുൻഗണന മാർക്കായ 40 -മാർക്ക് പൊതുസ്ഥലം മാറ്റത്തിനുള്ള ഓൺലൈൻ സോഫ്റ്റ് വെയറിൽ അനുവദിച്ചിരുന്നു.പൊതു സ്ഥലം മാറ്റത്തിനുള്ള ശ്രീ.ജയചന്ദ്രൻ.ടി.കെ യുടെ ആദ്യ ഓപ്ഷനായ പന്തലായനി ബ്ലോക്ക് പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവ് ഇല്ലായിരുന്നു. ആയതിനാൽ ശ്രീ. ജയചന്ദ്രൻ.ടി.കെ.യുടെ ആദ്യത്തെ ഓപ്ഷൻ പരിഗണിക്കുന്നതിന് സാധിച്ചിരുന്നില്ല. രണ്ടാമത്തെ ഓപ്ഷനായ മേലടി ബ്ലോക്ക് പഞ്ചായത്തിലേക്ക് രണ്ട് ജീവനക്കാർക്കാണ് സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളത്. ആയതിൽ ശ്രീമതി ശ്രീജ.എൻ.പി എന്നവർക്ക് ടിയാനെക്കാളും സ്റ്റേഷൻ സീനിയോരിറ്റിയുള്ളതിനാലും ( 7 - വർഷവും 10- മാസവും 2 -ദിവസവും ), ശ്രീമതി ഗംഗ.കെ എന്നവർക്ക് ശ്രീ.ജയചന്ദ്രൻ.ടി.കെ യെക്കാൾ സ്റ്റേഷൻ സീനിയോരിറ്റി കുറവാണെങ്കിലും, ടിയാരിക്ക് പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് ലഭിക്കുന്ന മുൻഗണനാ മാർക്കായ 55 മാർക്ക് ലഭിച്ചതിനാൽ , സ്ഥലം മാറ്റത്തിൻറെ റൊട്ടേഷൻ പട്ടിക പ്രകാരം Special Priority വിഭാഗത്തിൽ , ശ്രീ. ജയചന്ദ്രൻ. ടി.കെ യെക്കാൾ മുന്നിൽ വരുകയും , സ്ഥലം മാറ്റത്തിനുള്ള സോഫ്റ്റ് വെയർ ശ്രീമതി ഗംഗ.കെ എന്നവരെ മേലടി ബ്ലോക്ക് പഞ്ചായത്തിലേക്ക് അലോട്ട് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ ശ്രീ.ജയചന്ദ്രൻ.ടി.കെ യ്ക്ക് മൂന്ന് വർഷത്തിലധികം സേവനം ഉള്ളതിനാൽ, ടിയാൾ പൊതുസ്ഥലം മാറ്റത്തിനുള്ള ഉത്തരവ് പ്രകാരം നിർബന്ധമായും സ്ഥലം മാറ്റത്തിൽ ഉൾപ്പെടേണ്ട ജീവനക്കാരനാണ്. 2023 ലെ പൊതുസ്ഥലം മാറ്റത്തിന് സ്റ്റേഷൻ ഓപ്റ്റ് ചെയ്യുന്നതിന് നിയന്ത്രണം ഇല്ലാതിരുന്നിട്ടും, ശ്രീ. ജയചന്ദ്രൻ.ടി.കെ കേവലം രണ്ട് സ്റ്റേഷനുകൾ മാത്രമാണ് ഓപ്ഷനായി നൽകിയിട്ടുള്ളത്. ആയതിനാൽ ടിയാൾ സ്ഥലംമാറ്റത്തിനായി ഓപ്റ്റ് ചെയ്ത ഓഫീസുകളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവുകളില്ലാത്തതിനാൽ, കോഴിക്കോട് ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽ ഒഴിവുള്ളതും ക്യൂ ഇല്ലാത്തതുമായ കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിലേക്ക് ടിയാനെ ഓൺലൈൻ സോഫ്റ്റ് വെയർ അലോട്ട് ചെയ്യുകയായിരുന്നു.ടി സ്ഥലം മാറ്റ ഉത്തരവിനെതിരെ ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഹർജിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ഡയറക്ടർ ടിയാനെ നേരിൽ കേൾക്കുകയും, ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുള്ള ക്യൂ ലിസ്റ്റ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സ്ഥലം മാറ്റ ഉത്തരവിൽ, ഒന്നാമത്തെ ഓപ്ഷനിലേക്ക് സ്ഥലം മാറ്റം ലഭിച്ചിട്ടുള്ള ശ്രീ. മുഹമ്മദ് റഫീഖ് , ശ്രീമതി ഗംഗ.കെ എന്നവരുടെ മൂന്നാമത്തെ ഓപ്ഷനായ ഓഫീസുകളിലേക്ക് സ്ഥലം മാറ്റി, ശ്രീ.ജയചന്ദ്രൻ.ടി.കെ യ്ക്ക് മേലടി ബ്ലോക്ക് പഞ്ചായത്തിൽ സ്ഥലം മാറ്റം അനുവദിക്കുന്നതിനുള്ള ടിയാളുടെ അപേക്ഷ, പൊതുസ്ഥലം മാറ്റത്തിനുള്ള നിലവിലെ ഉത്തരവിനും മാനദണ്ഡങ്ങൾക്കും വിരുദ്ധമായതിനാൽ , ടി അപേക്ഷ നിരസിച്ച് , ബഹു.കോടതി വിധി നടപ്പാക്കി ഉത്തരവായിരുന്നു.ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ടുള്ള ഉത്തരവ് പ്രകാരം നിലവിലെ തസ്തികയിൽ നിലവിലെ ഓഫീസിലെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലാണ് സ്ഥലം

മാറ്റത്തിനുള്ള മുൻഗണനാക്രമം നിശ്ചയിക്കുന്നത്. കൂടാതെ ടി ഉത്തരവിലെ 7(ഇ) പ്രകാരം രണ്ട് വർഷത്തിനുള്ളിൽ വിരമിക്കുന്ന ജീവനക്കാർക്ക് അവർ അപേക്ഷിക്കുന്ന സ്റ്റേഷനുകളിലേക്ക് മുൻഗണന മാർക്ക് നൽകുകയാണ് ചെയ്യുന്നത്. ശ്രീ. ജയചന്ദ്രൻ. ടി.കെ വിരമിക്കുന്നതിന് രണ്ട് വർഷത്തിൽ അധികം കാലയളവ് ഉള്ളതിനാൽ, ടിയാന് ടി പരിഗണന ലഭിക്കുന്നതല്ല. ഉത്തരവ് പ്രകാരം അതത് വർഷം മാർച്ച് 31 ന് 3 വർഷം പൂർത്തിയായവരെയാണ് നിർബന്ധമായും സ്ഥലം മാറ്റത്തിൽ ഉൾപ്പെടുത്തുന്നത്. ഒരു സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയായവരെ 15 കിലോമീറ്റർ ചുറ്റളവിൽ സ്ഥലംമാറ്റുക എന്നത് പ്രായോഗികമല്ല, അതുകൊണ്ട് തന്നെ ശ്രീമതി ഗംഗയെ പയ്യോളി നഗരസഭയിൽ നിന്നും 2 കിലോമീറ്റർ പരിധിയിലുള്ള മേലടി ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയതിൽ അപാകത ഇല്ലെന്നും, ശ്രീ.മുഹമ്മദ് റഫീഖ് ജൂനിയറായിട്ടും സ്ഥലം മാറ്റത്തിനുള്ള കരട് ലിസ്റ്റിൽ ടിയാൻ ഉൾപ്പെടാതിരുന്നത് ഓൺലൈൻ സോഫ്റ്റ് വെയറിലെ പിശകാണെന്നും, അന്തിമ സ്ഥലംമാറ്റ ലിസ്റ്റിൽ ആയതു പരിഹരിച്ചിട്ടുള്ളതും , ടിയാനെ പൊതു സ്ഥലം മാറ്റത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, കോഴിക്കോട് കോർപ്പറേഷനിലെ ശ്രീ.മഹേന്ദ്രൻ.സി എന്നവരുടെ ഭിന്നശേഷിക്കാരനായ മകന്റെ ചികിത്സാ ആവശ്യാർത്ഥം ടിയാന്റെ താമസ സ്ഥലമായ കുന്ദമംഗലം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ടെന്നും പൊതുസ്ഥലം മാറ്റത്തിന് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഒന്നാം ഓപ്ഷൻ നൽകിയിട്ടും ലഭിക്കാതിരുന്ന ശ്രീ.പ്രദീപ്.പി.കെ യ്ക്ക്, ടി കാര്യാലയത്തിൽ ഒഴിവ് വന്നപ്പോൾ ടിയാളിന് പൊതുസ്ഥലം മാറ്റത്തിന്റെ മാനദണ്ഡപ്രകാരമാണ് സ്ഥലം മാറ്റം അനുവദിച്ചതെന്നും, മേലടി, പന്തലാനി, തോടന്നൂർ ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. OA(EKM) No. 1884/2023-കേസിലെ പരാതിക്കാരനായ കോഴിക്കോട് നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് -I ശ്രീ.ജയചന്ദ്രൻ T K സമർപ്പിച്ച നിവേദനത്തിൽ അപേക്ഷിച്ചിട്ടുള്ള വസ്തുതകൾ, affected parties ആയ ശ്രീ രജിൽ സി, ശ്രീ മനോഹരൻ രയരോത്ത് എന്നിവർ സമർപ്പിച്ച നിവേദനത്തിൽ അപേക്ഷിച്ചിട്ടുള്ള വസ്തുതകൾ, പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(3) പ്രകാരം സമർപ്പിച്ച വിശദമായ റിപ്പോർട്ട് ,നിലവിലുള്ള സ്ഥലം മാറ്റ മാനദണ്ഡങ്ങൾ എന്നിവ പരിശോധിച്ചതിൽനിന്നും ശ്രീ.ജയചന്ദ്രൻ T K സമർപ്പിച്ച നിവേദനത്തിലെ ആവശ്യം അനുകൂലമായി പരിഗണിക്കുവാൻ കഴിയുകയില്ല എന്നുള്ള സാഹചര്യത്തിൽ നിരസിച്ച് , ബഹു.ട്രിബ്യൂണലിന്റെ പരാമർശം (1 ) ഉത്തരവ് നടപ്പിലാക്കി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി,കോഴിക്കോട് നഗരസഭ
ശ്രീ.ജയചന്ദ്രൻ റ്റി.കെ, ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് -I , കോഴിക്കോട് നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 30-04-2024 10:15:21

സെക്ഷൻ ഓഫീസർ